"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജിസിഡിഎ - ജീവനക്കാര്യം - ശ്രീമതി റിനി.എം.കോട്ടൂർ.-ന് (W/o.സജി.കെ.ഡി (Late), സൂപ്രണ്ട്, ജിസിഡിഎ) സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ആശ്രിത നിയമനം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.171/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

പരാമർശം:-

1. 24.05.1999-ലെ സ.ഉ.(അച്ചടി) നം.12/1999/ഉ.ഭ.പ.വ
2. 24.07.2004-ലെ സ.ഉ.(കൈ)നം.243/2004/ത.സ്വ.ഭ.വ
3. 21/02/2018-ലെ സ.ഉ.(കൈ)നം.5/2018/ഉ.ഭ.പ.വ
4. ശ്രീമതി റിനി.എം.കോട്ടൂർ സമർപ്പിച്ച 02/07/2024-ലെ അപേക്ഷ
5. എറണാകുളം ജില്ലാ കളക്ടറുടെ 26/11/2024 ലെ DCEKM/11287/2024/E5 നമ്പർ കത്ത്
6. ജിസിഡിഎ സെക്രട്ടറിയുടെ 21/01/2025, 01.03.2025, 17.05.2025 തീയതികളിലെ 5892/എസ്റ്റാ.2/2024/ജിസിഡിഎ നമ്പർ കത്ത്

7 29.03.2025-ലെ സ.ഉ.(അച്ചടി) നം.4/2025/ഉ.ഭ.പ.വ

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കവെ മരണപ്പെട്ട സജി.കെ.ഡി-യുടെ ഭാര്യയായ ശ്രീമതി. റിനി.എം.കോട്ടൂർ, (കൊരട്ടി കുന്നേൽ വീട്, മലയാറ്റൂർ. പി.ഒ, കാലടി, എറണാകുളം), സർക്കാർ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ആശ്രിതനിയമനത്തിനായി പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെ ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) വിശാല കൊച്ചി വികസന അതോറിറ്റിയിൽ സൂപ്രണ്ടായിരുന്ന സജി. കെ.ഡി 22.04.2024-

ൽ മരണപ്പെടുകയുണ്ടായി. ടിയാന്റെ ജനനതീയതി 30.05.1971 ആണ്. 16.06.2011-ൽ ജോലിയിൽ പ്രവേശിച്ച ടിയാന്റെ സേവനകാലം 12 വർഷവും 08 മാസവും 17 ദിവസവുമാണ്. ആലുവ തഹസിൽദാരുടെ സാക്ഷ്യപത്രപ്രകാരം പരേതന്റെ അനന്തരാവകാശികൾ ശ്രീമതി. റിനി സജി (റിനി എം കോട്ടൂർ) (ഭാര്യ), ശ്രീ. ആനന്ദ് സജി (മകൻ), കുമാരി. ഐശ്വര്യ സജി (മകൾ) എന്നിവരാണ്. പരേതന്റെ മാതാവായ ശ്രീമതി. ഏല്യാമ ദേവസ്സി തന്റെ മകനായ സജി കെ.ഡി യുടെ മരണത്തെ തുടർന്ന് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ സജി കെ ഡി യുടെ ഭാര്യ റിനി സജിയ്ക്കും (റിനി എം കോട്ടൂർ ) മകൻ ആനന്ദ് സജിയ്ക്കും മകളായ ഐശ്വര്യ സജിയ്ക്കും കൂടി നൽകുന്നതിൽ സമ്മതം അറിയിച്ചു കൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം നല്കിയിട്ടുണ്ട്. കൂടാതെ അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള മറ്റുള്ളവർ സമാശ്വാസതൊഴിൽ ദാനപദ്ധതി പ്രകാരമുള്ള ജോലി ഭാര്യയായ റിനി എം കോട്ടൂർ-ന് നൽകുന്നതിൽ സമ്മതം അറിയിച്ചു കൊണ്ടുള്ള മലയാറ്റൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം നൽകിയിട്ടുണ്ട്. മലയാറ്റൂർ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 36,000/- (മുപ്പത്തിആറായിരം രൂപ മാത്രം ) ആണ്.

3) അപേക്ഷകയുടെ ജനനതീയതി 21/01/1982 ആണ്. അതു പ്രകാരം അപേക്ഷകയ്ക്ക് 43 വയസ്സ് ഉണ്ട്. അപേക്ഷക ബിരുദപരീക്ഷ പാസ്സായിട്ടുണ്ട് ആയതിനാൽ ടിയാരിയ്ക്ക് ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനത്തിന് യോഗ്യതയുണ്ട്. മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതരിൽ മറ്റാരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപേക്ഷകയായ ശ്രീമതി.റിനി.എം.കോട്ടൂർ.-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നൽകുന്നതിന് ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

4) എറണാകുളം ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർ ആരും തന്നെ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും, 24/05/1999-ലെ സ.ഉ.(പി) നം.12/1999/പി&എആർഡി, 12/04/2010-ലെ സ.ഉ. (പി) നം. 14/2010/പി&എആർഡി എന്നിവയിലെ നിബന്ധനകൾ പ്രകാരം അപേക്ഷകയ്ക്ക് ജോലി ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് അറിയിക്കുകയും, നിയമനം നൽകുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശാല കൊച്ചി വികസന അതോറിറ്റിയിൽ

സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 22.04.2024-ൽ മരണപ്പെട്ട സജി.കെ.ഡി-യുടെ ഭാര്യയായ ശ്രീമതി.റിനി.എം.കോട്ടൂർ-ന്, പരാമർശം (7) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) അപേക്ഷകയുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികതയും, ടിയാരിയുടെ സ്വഭാവം, പൂർവ്വചരിത്രം എന്നിവയും പരിശോധിച്ച് പരാമർശം (7) സർക്കാർ ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മറ്റ് നടപടിക്രമങ്ങൾ പാലിച്ച് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചതായോ, മറച്ചു വച്ചതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ, നിയമനാനുമതി നല്കിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തുകയോ ചെയ്താൽ ടി നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

7) ശ്രീമതി റിനി.എം.കോട്ടൂർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകിയ വിവരം പരേതനായ സജി. കെ.ഡി-യുടെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെൻ്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കേണ്ടതും, ആയത് ഓഫീസ്/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ശ്രീമതി. റിനി.എം.കോട്ടൂർ, കൊരട്ടി കുന്നേൽ വീട്, മലയാറ്റൂർ. പി.ഒ, കാലടി,
എറണാകുളം-683587 (സ്പീഡ് പോസ്റ്റ് മുഖേന - A/D സഹിതം)
ജില്ലാ കളക്ടർ, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് ) കേരള,തൃശ്ശൂർ
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA3/21/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 29-09-2025 14:39:26
സെക്ഷൻ ഓഫീസർ